# "ഭരണഭാഷ മാതൃഭാഷ"

## <u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് - 2020-21 സാമ്പത്തിക വർഷം -" 2202-03-103-52 Quality Enhancement & Accreditation" - സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ NAAC അക്രഡിറ്റേഷൻ - ഭരണാനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:P3/34936/2020/DCEതിരുവനന്തപുരം തീയതി:25.11.2020

---

*പരാമർശം:*-1. വിവിധ കോളേജുകളിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലുകൾ

<u>**ഉത്തരവ്**</u>

2020-21 സാമ്പത്തിക വർഷം സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടത്തുന്നതിനായി "2202-03-103-52 Quality Enhancement & Accreditation" ശീർഷകത്തിൽ 1200 (ആയിരത്തി ഇരുന്നൂറ് ) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സർക്കാർ കോളേജുകളുടെ നാക് അക്രഡിറ്റേഷൻറെ ഭാഗമായി നാക് പിയർ ടീം സന്ദർശനവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി പരാമർശം (1) പ്രകാരം വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ പരിശോധിച്ച് താഴെ പറയുന്ന കോളേജുകൾക്ക് പേരിനോടൊപ്പം സൂചിപ്പിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി തുക അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം | കോളേജിൻറെ പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | സർക്കാർ വനിതാ കോളേജ് തിരുവനന്തപുരം | Rs.4,24,800/- | നാക് അക്രഡിറ്റേഷൻ ഫീ, ലോജിസ്റ്റിക്സ് ഫീ |
| 2 | KKTM ഗവ കോളേജ് ,പുല്ലൂറ്റ് , തൃശ്ശൂർ | Rs.5,74,800/- | നാക് അക്രഡിറ്റേഷൻ ഫീ, ലോജിസ്റ്റിക്സ് ഫീ , കണ്ടിൻജൻസി ചാർജസ് |
| 3 | മഹാരാജാസ് കോളേജ്, എറണാകുളം | Rs.7,90,998/- | നാക് അക്രഡിറ്റേഷൻ ഫീ, നാക് വിസിറ്റുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ,പ്രൊജെറ്റർ &സ്ക്രീൻ,ക്യാമ്പസ് മാപ് ,സൈൻബോർഡ് |
| ആകെ തുക : Rs.17,90,598/- ( പതിനേഴ് ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം ) | | | |

പദ്ധതി വിഹിതം തുക ചെലവഴിക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകളും സ്റ്റോഴ്സ് പർച്ചേസ് മാനവൽ നിയമങ്ങളും കർശനമായി പാലിക്കേണ്ടതും അനുവദിച്ച തുക നിർദിഷ്ട ആവശ്യങ്ങൾക്ക് മാത്രമാണ് വിനിയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതുമാണ് .

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം "2202-03-103-52 Quality Enhancement & Accreditation" ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് .

Approval Valid

Digitally Approved By
വിഘ്നേശ്വരി വി ഐ.എ.എസ്സ്
Date: 25.11.2020
Reason: Approved

Sd/-
വിഘ്നേശ്വരി വി ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്,

1.പ്രിൻസിപ്പാൾ, സർക്കാർ വനിതാ കോളേജ് ,തിരുവനന്തപുരം
2.പ്രിൻസിപ്പാൾ, KKTM ഗവ കോളേജ് പുല്ലൂറ്റ്
3.പ്രിൻസിപ്പാൾ, മഹാരാജാസ് കോളേജ് ,എറണാകുളം
4.ബഡ്ജറ്റ് (കെ) സെക്ഷൻ
5.നടപ്പ് ഫയൽ/ കരുതൽ ഫയൽ